SPEAKER



# P. P. THANKACHAN

Shri P. P. Thankachan, a successful lawyer and parliamentarian, adorned the Chair of the Speaker in the ninth Kerala Legislative Assembly and later became a Minister as well. He was born on July 29, 1939 at Angamaly, Ernakulam District as the son of Rev. Fr. Poulose Pynadath and Smt. Annamma.

As a student, apart from his studies, Shri Thankachan was active in co-curricular activities too and was the recipient of the award for the best student of S.H. College, Thevara, Cochin in the year 1956-57.

After graduating, he opted to pursue a degree in Law and on successful completion, groomed into a practising lawyer of repute. In addition, he secured a Diploma in Public Administration.

In 1968, Shri Thankachan became the youngest Municipal Chairman in the country when he was elected to the Perumbavoor Municipal Council. He held the post till 1980. He also served as the Leader of Opposition in the Perumbavoor Municipal Council from 1980 to 1985.

He was the President, Ernakulam District Congress Committee from 1977 to 1989. He also held the Presidentship of various trade unions in the State.

Shri Thankachan was elected to Kerala Legislative Assembly in 1982,1987, 1991 and 1996 all from Perumbavoor Constituency as a Congress candidate. He was the Secretary, Indian National Congress(I) Legislature Party from 1987 to 1991.

Shri Thankachan was elected as the fourteenth Speaker of Kerala Legislative Assembly on July 1, 1991 and occupied the Chair till May 3, 1995. Four new Legislature Committees were formed during his tenure - Committee on the Welfare of Women and Children, Committee on Environment, Committee on the Welfare of Backward Class Communities and Committee on Papers Laid on the Table. He was the Chairman of Committee on Papers Laid on the Table during 1996-98.

Shri Thankachan became a Minister holding the portfolio of Agriculture in the Cabinet headed by Shri A. K. Antony, on May 3, 1995 and continued till May 9, 1996. He was the Opposition Chief Whip in the tenth Kerala Legislative Assembly from 1996 to 2001.

He had served as the Chairman, Kerala Marketfed and was also Vice President of Kerala Pradesh Congress Committee during 2001-04. Shri Thankachan was appointed as acting President of KPCC in 2004 and later became Convenor of UDF and still continues in this post.

Smt.T.V.Thankamma is his wife and they have one son and two daughters.

## സ്പീക്കർ



# പി. പി. തങ്കച്ചൻ

അഭിഭാഷകനായും പാർലമെന്റേറിയനായും പ്രവർത്തനവിജയം നേടിക്കൊണ്ടാണ് ഒൻപതാം കേരള നിയമസഭയുടെ സ്പീക്കർ പദവിയിലേയ്ക്ക് ശ്രീ. പി. പി. തങ്കച്ചൻ കടന്ന് വന്നത്. പിന്നീട് അദ്ദേഹം സംസ്ഥാന മന്ത്രിസഭയിൽ അംഗമാകുകയും ചെയ്തു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ 1939 ജൂലായ് 29-ന് റവ. ഫാദർ പൗലോസ് പൈനാടത്തിന്റെയും ശ്രീമതി അന്നമ്മയുടെയും പുത്രനായി ശ്രീ. തങ്കച്ചൻ ജനിച്ചു.

സ്കൂൾ വിദ്യാഭ്യാസകാലത്ത് പഠനത്തോടൊപ്പം പാഠ്യേതര വിഷയങ്ങളിലും അസാമാന്യ താല്പര്യം പ്രദർശിപ്പിച്ചിരുന്ന ശ്രീ. തങ്കച്ചൻ 1956-57 കലാലയ വർഷത്തിൽ തേവര സേക്രഡ് ഹാർട്ട് കോളേജിലെ

ഏറ്റവും സമർത്ഥനായ വിദ്യാർത്ഥിക്കുള്ള അവാർഡ് കരസ്ഥമാക്കി.

ബിരുദാനന്തരം, നിയമപഠനം പൂർത്തിയാക്കി, പ്രാക്ടീസാരംഭിച്ച ശ്രീ. തങ്കച്ചൻ പ്രഗല്ഭനായ ഒരഭിഭാഷകനെന്ന നിലയിലേയ്ക്ക് ഉയർന്നു. ഇതിനിടെ പബ്ലിക് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ നേടാനും അദ്ദേഹത്തിന് കഴിഞ്ഞു.

1968–ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും അതിന്റെ അദ്ധ്യക്ഷസ്ഥാനം വഹിക്കുകയും ചെയ്തപ്പോൾ രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ മുനിസിപ്പൽ ചെയർമാൻ എന്ന ബഹുമതിക്ക് ശ്രീ. തങ്കച്ചൻ അർഹനായി. 1980–വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. 1980–85 കാലയളവിൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലെ പ്രതിപക്ഷനേതാവായിരുന്നു അദ്ദേഹം.

1977 മുതൽ 1989 വരെ എറണാകുളം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റായിരുന്ന ശ്രീ. തങ്കച്ചൻ സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയനുകളുടെ നേതൃസ്ഥാനവും വഹിക്കുകയുണ്ടായി.

1982, 1987, 1991, 1996 എന്നീ വർഷങ്ങളിൽ അദ്ദേഹം കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് എല്ലാ പ്രാവശ്യവും അദ്ദേഹം വിജയം വരിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നിയമസഭാ കക്ഷിയുടെ സെക്രട്ടറിയായി 1987–91 കാലയളവിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

1991 ജൂലായ് 1–ാം തീയതി കേരള നിയമസഭയുടെ പതിനാലാമത്തെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. തങ്കച്ചൻ 1995 മേയ് 3–ാം തീയതി വരെ ആ പദം അലങ്കരിച്ചു. നാല് പ്രധാന നിയമസഭാ കമ്മിറ്റികൾ രൂപം കൊണ്ടത് അദ്ദേഹത്തിന്റെ ഭരണകാലത്താണ്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതി, പരിസ്ഥിതി സമിതി, പിന്നോക്ക സമുദായ ക്ഷേമ സമിതി, മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതി എന്നിവയാണ് ആ കമ്മിറ്റികൾ.

ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ 1995 മേയ് 3–ാം തീയതി മുതൽ കൃഷി വകുപ്പ് കൈകാര്യം ചെയ്തത് ശ്രീ. തങ്കച്ചനാണ്. 1996 മേയ് 9–ാം തീയതി വരെ അദ്ദേഹം ആ പദവിയിൽ തുടരുകയും ചെയ്തു. 1996 മുതൽ 2001 വരെ അദ്ദേഹം പത്താം കേരളനിയമസഭയിലെ പ്രതിപക്ഷ ചീഫ് വിപ്പായിരുന്നു. 1996–98 കാലയളവിൽ അദ്ദേഹം മേശപ്പുറത്തുവച്ച കടലാസ്സുകൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായിരുന്നു.

കേരള മാർക്കറ്റ്ഫെഡിന്റെ ചെയർമാനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 2001–04 കാലയളവിൽ കെ. പി. സി. സി. വൈസ് പ്രസിഡന്റായിരുന്നു. 2004–ൽ കെ.പി.സി.സി.യുടെ ആക്ടിംഗ് പ്രസിഡന്റായി നിയമിതനായ ശ്രീ. തങ്കച്ചൻ, പിന്നീട് ഐക്യജനാധിപത്യ മുന്നണിയുടെ കൺവീനറായി. നിലവിലും അദ്ദേഹം പ്രസ്തുത സ്ഥാനം വഹിക്കുന്നു.

ശ്രീമതി ടി. വി. തങ്കമ്മയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു പുത്രനും രണ്ട് പുത്രിമാരും ഉണ്ട്.